(സി) സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായത്തിൽ കടിശ്ശികയുള്ള തുക നൽകുന്നതിനായി ഹഡ്കോയിൽ നിന്നും 650 കോടി രൂപ വായ്പയെടുക്കുന്നതിന് KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോമിക്കുന്നു.

ഐ.എ.വൈ. ഭവന പദ്ധതിയിലെ പ്രതിസന്ധി

5 (4040) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. ഭവന പദ്ധതിപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര ഭവനങ്ങൾ വീതം നിർമ്മിക്കാനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത് ; ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു എന്നും എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഐ.എ.വൈ. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര വീതം തുകയാണ് അനുവദിക്കുന്നത് ; SC/ST വിഭാഗങ്ങളിൽപ്പെടുന്നവർക്ക് എത്ര തുകയാണ് അനുവദിക്കുന്നത് ;

(ഡി) ഈ പദ്ധതിയിൽ വീട് ലഭിച്ചതിനാൽ നിലവിലുണ്ടായിരുന്ന കടിലുകളും മറ്റും പൊളിച്ചുനീക്കി, പണം ലഭിക്കാത്തതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പണം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പണം നൽകാൻ കഴിയാത്ത പ്രതിസന്ധി എന്നുമുതലാണ് ആരംഭിച്ചത് ;

(ഇ) ഈ അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് സർക്കാരിന്റെ പക്കലുള്ളത് ; അടിയന്തരമായി IAY ഗുണഭോക്താക്കൾക്ക് അവരുടെ അർഹമായ തുക നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

വർഷം	ലക്ഷ്യം	ഏറ്റെടുത്ത വീടുകൾ	പൂർത്തിയാക്കിയവ (സ്പിൽ ഓവർഉൾപ്പെടെ)
2012-13	59620	59620	43607
2013-14	45738	45738	55996
2014-15	59060	59060	50545

(ബി) ലക്ഷ്യം കൈവരിക്കുന്നുണ്ട്.

(സി) എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യഥാക്രമം 75:25 അനുപാതത്തിൽ വകയിരുത്തുന്നു. എന്നാൽ പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഗുണഭോക്താക്കളുടെ യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന ഘട്ടങ്ങൾക്ക് മുൻകൂറായാണ് ധനസഹായം അനുവദിക്കുന്നത്. 2013-14 വരെയുള്ള വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും കൃത്യമായും നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം പൂർണ്ണമായും നൽകിയിട്ടില്ല.

(ഇ) 2014-15 വർഷത്തെ രണ്ടാംഗഡു കേന്ദ്രവിഹിതത്തിനായുള്ള പ്രൊപ്പോസൽ ഗ്രാമവികസന മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള അധിക സംസ്ഥാന വിഹിതം നൽകുന്നതിന് 650 കോടി രൂപ HUDCO-ൽനിന്നും വായ്പ എടുക്കാൻ KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോമിക്കുന്നു.

പി.എം.ജി.എസ്.വൈ. പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

6 (4041) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :